(ബി) സർക്കാർ മുൻകൈയെടുത്ത് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ തീരുമാനം എടുത്ത സാഹചര്യം വിശദമാക്കാമോ ;

(സി) പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന സർക്കാർ, സഹകരണ മേഖലയിൽ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കുന്നത് ; എന്തുകൊണ്ടാണ് ;

(ഡി) സഹകരണ മേഖലയിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളാണ് ഏറ്റെടുക്കാൻ സർക്കാർ തത്വത്തിൽ തീരുമാനം എടുത്തിരിക്കുന്നത് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ആവശ്യത്തിന് മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഹരിപ്പാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജ് മാത്രമാണ് ഇപ്രകാരം സ്ഥാപിക്കുന്നത്. നിലവിലെ സാമ്പത്തിക പരിമിതികൾ കാരണമാണ് പ്രസ്തുത തീരുമാനമെടുത്തത്.

(സി) കൊച്ചിയിൽ കേപ്പിന്റെകീഴിലുള്ള സഹകരണ മെഡിക്കൽ കോളേജാണ് സർക്കാർ ഏറ്റെടുത്തത്. പൊതുതാല്പര്യം പരിഗണിച്ചാണ് അത് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചത്.

(ഡി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു.

സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

97 (762) ശ്രീമതി കെ.എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി വീണ്ടും കൂടിവരുന്നതും പന്നിപ്പനി, കുരങ്ങുപനി (പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ), പക്ഷിപ്പനി തുടങ്ങിയവയും കൂടിവരുന്നതും പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ വന്നതിനുശേഷം ഓരോ വർഷവും പ്രസ്തുത പനിയും മറ്റു വൈറസ് രോഗങ്ങളും ബാധിച്ച് എത്ര പേർ മരണപ്പെട്ടുവെന്നും അവരുടെ കുടുംബത്തിന് എന്തുസഹായം നൽകിയെന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ ലാബുകൾ ഉണ്ടെന്നും അവയിൽ എത്ര ടെക്നീഷ്യൻമാരെ ആവശ്യമുണ്ട് എന്നും നിലവിൽ എത്ര പേർ ഉണ്ടെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും കരാർ ജീവനക്കാർ എത്ര പേർ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ക്ലിനിക്കൽ ലാബുകളില്ലാത്ത ആശുപത്രികൾ ഏതെല്ലാം ; ഇവയിൽ രോഗനിർണ്ണയത്തിനായുള്ള ലാബുകൾ എപ്പോൾ തുടങ്ങുമെന്നും ലാബുകളിൽ ഒഴിവുകൾ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡെങ്കിപ്പനി, പന്നിപ്പനി എന്നിവ കൂടുതലാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ പക്ഷിപ്പനി മനുഷ്യരിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കുരങ്ങുപനി ഈ വർഷം വയനാട് ജില്ലയിലാണ് ബാധിച്ചത്. ഇപ്പോൾ നിയന്ത്രണ വിധേയമാണ്. ഈ രോഗങ്ങൾ നിയന്ത്രിക്കാൻവേണ്ട നടപടികൾ എടുത്തുവരുന്നു.

(ബി) പനിയും മറ്റ് വൈറസ് രോഗങ്ങളും ബാധിച്ച് മരണപ്പെട്ടവരുടെ കണക്ക് അനുബന്ധം I-ൽ കാണാവുന്നതാണ്. *

വയനാട് ജില്ലയിൽ കുരങ്ങുപനി ബാധിതരുടെയും മരണപ്പെട്ടവരുടെയും കുടുംബത്തിന് ആശുപത്രി ചെലവിനും കൂട്ടിരിപ്പുകാർക്കുമായി പ്രതിദിനം 200 രൂപ വീതം നൽകുന്നതിനായി ട്രൈബൽ ഡിപ്പാർട്ട്മെന്റിൽനിന്നും അനുവദിച്ച തുക നൽകിയിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബത്തിന് തുക അനുവദിക്കുന്നത് ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നുമാണ്. ആശുപത്രി ചെലവ് നൽകുന്നതിന് വയനാട് ജില്ലാ മെഡിക്കൽ ആഫീസിൽനിന്നും കീഴ്സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പി.എച്ച്.സി. പൂതാടി	2,25,000
പി.എച്ച്.സി. മുള്ളൻകൊല്ലി	50,000
പി.എച്ച്.സി. പുൽപ്പള്ളി	75,000

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പി.എച്ച്.സി.ചെതലയം	50,000
പി.എച്ച്.സി. ന്തൽപ്പുഴ	15,000
താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ബത്തേരി	60,000
ജില്ലാ ആശുപത്രി	20,000
ആകെ തുക	4,95,000

മേൽ തുക സ്ഥാപനങ്ങളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി വിനിയോഗിച്ച് വരുന്നു.

(സി) വിശദ വിവരം അനുബന്ധം II- ൽ കാണാവുന്നതാണ്.*

(ഡി) ക്ലിനിക്കൽ ലാബുകൾ ഇല്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ പോസ്റ്റ്മോർട്ടവും മോർച്ചറികളുടെ ആധുനികവൽക്കരണവും

98 (763) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ഒരു മാസം ശരാശരി എത്ര പോസ്റ്റ് മോർട്ടങ്ങൾ നടക്കാറുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനാവശ്യമായ ഫോറൻസിക് സർജൻമാരും മറ്റു ജീവനക്കാരും നിലവിലുണ്ടോ ; വിശദമാക്കുമോ ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഫോറൻസിക് വിഭാഗങ്ങളിൽ ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ ഏതു വർഷത്തേതാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) കാലാനുസൃതമായി ഇവ പരിഷ്കരിക്കുന്നതിനും പോസ്റ്റ്മോർട്ടം നടപടികൾ വേഗത്തിലാക്കുന്നതിനും മോർച്ചറികൾ ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ ഒരു മാസം ശരാശരി 773 പോസ്റ്റ്മോർട്ടങ്ങൾ നടക്കാറുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly